"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽ ദാന പദ്ധതി - ശ്രീമതി.സാമിന ബീവി (D/o. Late നിസാർ എ.എം. ഓഫീസ് അറ്റൻഡന്റ്, ജില്ലാ ടി.ബി. സെന്റർ കോട്ടയം)-യ്ക്ക് ആരോഗ്യ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകിയ ഉത്തരവ് - പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.46/2025/H&FWD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 121/2017/ആ.കു.വ തീയതി 17.08.2017.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.05.2022 തീയതിയിലെ ഇ.എച്ച്.4-20707/2022/ആ.വ.ഡ നമ്പർ കത്ത്.
3. 30.01.2021, 14.02.20222 എന്നീ തിയതികളിൽ ശ്രീമതി.സാമിന ബീവി സമർപ്പിച്ച തസ്തികമാറ്റ അപേക്ഷകൾ
4. സ.ഉ.(കൈ) നം. 108/2023/ആ.കു.വ തീയതി 04.05.2023.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 03.06.2024 തീയതിയിലെ എസ്.ഡി2/198/2024-പൊ.ഭ.വ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ ശ്രീമതി.സാമിന ബീവി-യ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം നിയമനാനുമതി നൽകുകയുണ്ടായി. എന്നാൽ ആശ്രിതനിയമന പദ്ധതി പ്രകാരം സർക്കാർ ഉത്തരവായിട്ടും നിയമന ഉത്തരവ് ലഭിക്കാനായി 257 പേർ ഇനിയും വകുപ്പിലുണ്ടെന്നും, 2014 മേയ് മാസം വരെ അപേക്ഷ നൽകിയവർക്ക് മാത്രമേ ആരോഗ്യ വകുപ്പിൽ ക്ലർക്ക്

തസ്തികയിൽ നിയമനം നൽകിയിട്ടുള്ളുവെന്നും ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ശ്രീമതി.സാമിന ബീവി-യ്ക്ക് നിയമനം നൽകുന്നതിന് നിലവിൽ ഒഴിവുകൾ ഇല്ലായെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം ശ്രീമതി.സാമിന ബീവി സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ പരിഗണിച്ച്, കോട്ടയം ജില്ലയിൽ എക്കോണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിലേയ്ക്കായി, ടിയാൾ യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനാനുമതി നൽ കിയിരുന്ന പരാമർശം (1) ഉത്തരവ് പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് ആശ്രിത നിയമന പദ്ധതി പ്രകാരം പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഒഴിവിലേയ്ക്ക് നിയമനത്തിനായി ശ്രീമതി.സാമിന ബീവി-യെ പരിഗണിക്കുന്നതിനായി അപേക്ഷകയെ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിന് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒരു ഒഴിവ് ശ്രീമതി സാമിന ബീവി -ക്ക് അനുവദിച്ചു നല്കാൻ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയും അനുമതി ഉത്തരവ് മാതൃവകുപ്പായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിക്കുവാനും പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ് പരാമർശം (5) പ്രകാരം നിർദ്ദേശം നല്കുകയുണ്ടായി.

2. എന്നാൽ ശ്രീമതി.സാമിന ബീവി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി നല്കിയ ആദ്യ അപേക്ഷയിൽ (14.12.2016) എസ്.എസ്.എൽ.സി. യോഗ്യതയായുള്ള ക്ലർക്ക് തസ്തികയിലേയ്ക്കായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, 24/05/1999 -ലെ സ.ഉ(പി) 12/99/ഉ.ഭ.പ.വ, ഖണ്ഡിക (19), (24) എന്നിവ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിയ്ക്ക് ശേഷമാണ് (07.08.2018) ടിയാൾ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയ്ക്ക് അവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയതെന്നും, (2019 മാർച്ച്) തസ്തിക മാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്നും തുടർപരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലേയ്ക്ക് ശ്രീമതി.സാമിന ബീവി നല്കിയ തസ്തികമാറ്റ അപേക്ഷ സർക്കാർ പുനഃപരിശോധിച്ചു. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച

സമയത്തോ, അപേക്ഷ സമർപ്പിക്കേണ്ട കാലാവധിയ്ക്കുള്ളിലോ നേടിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ. 24/05/99 ലെ സ.ഉ.(പി) 12/99/ഉഭപവ. ഉത്തരവിന്റെ ഖണ്ഡിക 19,25 എന്നിവ പ്രകാരം തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയ്ക്ക് ശേഷമാണ് ശ്രീമതി.സാമിന ബീവി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയ്ക്ക് അവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കുന്നത്. ആയതിനാൽ സമയ പരിധി അധികരിച്ചതിന് ശേഷം ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം നല്കുവാൻ സാധിക്കുകയില്ല. 07.06.2021 ലെ സ.ഉ(കൈ) 12/2021/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ഉത്തരവ് തീയതിയിൽ നിയമന ഉത്തരവ് ലഭിച്ച് നാല് വർഷം കഴിഞ്ഞവർക്ക് തസ്തികമാറ്റത്തിന് അപേക്ഷ കൊടുക്കാൻ സാധിക്കുമെങ്കിലും ശ്രീമതി സാമിന ബീവി-ക്ക് ക്ലർക്ക് തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച് നാലു വർഷം തികഞ്ഞിട്ടില്ലാത്തതിനാൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കാൻ സാധിക്കുകയില്ല.

4. മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത പരാമർശം (4) ഉത്തരവ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഒഴിവിലേയ്ക്ക് ശ്രീമതി. സാമിന ബീവി-യെ പരിഗണിക്കുന്നതിലേയ്ക്കായി പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് നൽകിയ പ്രൊഫോർമ എന്നിവ റദ്ദ് ചെയ്തുകൊണ്ടും ശ്രീമതി.സാമിന ബീവി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ വകപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകിയ പരാമർശം (1) സർക്കാർ ഉത്തരവ് പുനഃസ്ഥാപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീമതി. സാമിന ബീവി, വാഴക്കാലയിൽ, പെരുമ്പായിക്കാട് പി.ഒ., കോട്ടയം -16.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോട്ടയം.

ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം.

സൂപ്രണ്ട്. ജില്ലാ ടി.ബി സെന്റർ, കോട്ടയം.

ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് (24.08.2024 തീയതിയിലെ RULES-3/186/2022-

P&ARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (03.06.2024 തീയതിയിലെ എസ്.ഡി2/198/2024-പൊ.ഭ.വ നമ്പർ കത്ത് പ്രകാരം തുടർനടപടികൾക്കായി).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി (F2/61/2022-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 03-02-2025 10:51:41